## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

28/03/2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5841

### അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | അമൃതം ആരോഗ്യം പദ്ധതിയിലൂടെ ജീവിതശൈലി രോഗനിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ട്; | എ) | അമൃതം ആരോഗ്യം എന്ന പദ്ധതി സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലി രോഗം നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും രോഗബാധിതർക്ക് സൗകര്യമായി ചികിത്സയും മരുന്നും നൽകുന്നതിനും ആശുപത്രികളെയും ആരോഗ്യ കേന്ദ്രങ്ങളെയും ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപ കേന്ദ്രങ്ങളിലും ജില്ലാ-ജനറൽ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | കെയർ ഓൺ വീൽസ് ആന്റ് കെയർ ഓൺ വേവ്സ്സ് പദ്ധതിയുടെ വിശദാംശം നൽകുമോ; | ബി) | സംസ്ഥാനത്തെ ദുർഘട മേഖലകളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് ജീവിതശൈലി രോഗങ്ങൾക്കുള്ള ചികിത്സ നൽകുന്നതിലേയ്ക്കായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളാണ് കെയർ ഓൺ വീൽസും കെയർ ഓൺ വേവ്സും. ഇപ്പോൾ 2 ജില്ലകളിൽ വെള്ളത്തിലൂടെ പ്രവർത്തിക്കുന്ന കെയർ ഓൺ വേവ്സ് പദ്ധതിയും 5 ജില്ലകളിൽ മൊബൈൽ വാനിലൂടെ പ്രവർത്തിക്കുന്ന കെയർ ഓൺ വീൽസ് പദ്ധതിയും നിലവിലുണ്ട്. |
| സി) | രക്താതിസമ്മർദ്ദം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ എല്ലാ താലൂക്ക് ആശുപത്രികളിലും സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | സി) | രക്താതിസമ്മർദ്ദം കേരളത്തിലെ ഭൂരിഭാഗം ജനങ്ങളെയും ബാധിച്ചിരിക്കുന്ന ജീവിതശൈലി രോഗമാണ്. ഇത് നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. വളരെ സങ്കീർണ്ണമേറിയതും ചെലവേറിയതും ആയ സ്ട്രോക്ക് ചികിത്സാ പദ്ധതി ജില്ലാ ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പ് ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുണ്ട്. ഇത് സി.റ്റി സ്കാൻ / ഐ.സി.യു-വും സൗകര്യമില്ലാത്ത താലൂക്ക് ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സാങ്കേതികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. |
| ഡി) | കുടുംബ ആരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ രോഗികൾക്ക് ഒരുക്കുന്നതിനും, ഗുണമേന്മയുള്ള ചികിത്സയ്ക്കായി പ്രത്യേക ചികിത്സാ മാർഗ്ഗരേഖ ഒരുക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | കുടുംബ ആരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചികിത്സാ പാക്കേജുകൾ നടപ്പിലാക്കുന്നതിനും മാനവശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ